**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം**

**(ഹാജർ – കെ.വാസുകി.ഐ.എ.എസ്.)**

വിഷയം – കാർഷിക വികസന കർഷകക്ഷേമ വകുപ്പ് – കോവിഡ് -19 വ്യാപനം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശം – സംബന്ധിച്ച്.

പരാമർശം – G.O.(Rt) No. 756/2020/DMD – തീയതി 22/09/2020

**ഉത്തരവ് നം.ADFW/1545/2020-OM(2) തീയതി: 29/09/2020**

കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിലും ഓഫീസുകളിൽ 100% ഹാജർ ഏർപ്പെടുത്തിയ സാഹചര്യത്തിലും ഓഫീസുകളിൽ താഴെ ചേർത്തിരിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ എല്ലാ ജീവനക്കാരും കൃത്യമായും കർശനമായും പാലിക്കേണ്ടതാണ്.

1) ഓഫീസിൽ പ്രവേശിക്കുമ്പോഴും ഓഫീസിൽ നിന്ന് പുറത്തിറങ്ങുമ്പോഴും കൈകൾ സാനിറ്റൈസ് ചെയ്യുക/കഴുകി വൃത്തിയാക്കുക

2) വായും മൂക്കും മൂടുന്ന രീതിയിൽ മാസ്ക്ക് ധരിക്കണം. സംസാരിക്കുമ്പോൾ മാസ്ക്ക് താഴ്ത്തരുത്.

3) പൊതു ഇടങ്ങളിൽ സ്പർശിച്ചാലുടൻ സാനിറ്റൈസ് ചെയ്യുക. (സ്വന്തമായി സാനിറ്റൈസർ കരുതുന്നത് അഭികാമ്യമായിരിക്കും.)

4) ഓഫീസുകളിൽ ജീവനക്കാർ കൂട്ടം കൂടുന്നത് ഒഴിവാക്കാണം. കൂട്ടം കൂടി ഇരുന്ന് ഭക്ഷണം കഴിക്കുന്നതും ഒഴിവാക്കണം.

5) കോവിഡ് ലക്ഷണങ്ങളായ പനി, ചുമ, ക്ഷീണം, തലവേദന, ശരീരവേദന, ശ്വാസമെടുക്കാൻ ബുദ്ധിമുട്ട്, വയറിളക്കം, ഗന്ധവും രുചിയും അറിയാത്ത അവസ്ഥ എന്നിവ അനുഭവപ്പെടുന്നവർ ഓഫീസിൽ ഹാജരാകാതെ ആരോഗ്യപ്രവർത്തകരെ അറിയിച്ച ശേഷം ക്വാറന്റീനിൽ കഴിയേണ്ടതാണ്. ലക്ഷണം തുടരുകയാണെങ്കിൽ കോവിഡ് ടെസ്റ്റിന് വിധേയമാകേണ്ടതാണ്

6) കോവിഡ്-19 സ്ഥിരീകരിച്ചവരുമായി പ്രാഥമിക സമ്പർക്കമുള്ളവർ ക്വാറന്റീനിൽ പ്രവേശിക്കേണ്ടതും ആരോഗ്യപ്രവർത്തകരുടെ / ദിശയുടെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. ഇത്തരം ജീവനക്കാർ ക്വാറന്റീൻ പൂർത്തിയാക്കി ഓഫീസിൽ പ്രവേശിക്കുന്ന അവസരത്തിൽ കോവിഡ് – 19 Negative സർട്ടിഫിക്കറ്റും ക്വാറന്റീൻ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.

8) സമ്പർക്കവ്യാപനവും ഉറവിടമറിയാത്ത രോഗികളുടെ എണ്ണവും കൂടുന്ന സാഹചര്യത്തിൽ കോവിഡ് പ്രതിരോധം സ്വന്തം ഉത്തരവാദിത്തമായി കരുതേണ്ടതാണ്.

9) കോവിഡ് സമ്പർക്കത്തിന് (Contact) ലോകാരോഗ്യ സംഘടന അംഗീകരിച്ച നിർവചനം (No. 31/F2/2020/ Health dated 22.08.20) അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഒപ്പ്/-
ഡയറക്ടർ
കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

To

കാർഷിക വികസന കർഷകക്ഷേമ
വകുപ്പിലെ എല്ലാ ജീവനക്കാർക്കും

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33